പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

അസിസ്റ്റന്റ് പ്രൊഫസർ	17
അസോസിയേറ്റ് പ്രൊഫസർ	64
പ്രൊഫസർ	23
ആകെ ഒഴിവുകൾ	104

(സി) കേപ്പിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെയായി 72,22,25,984 രൂപ (എഴുത്തിരണ്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ) കേപ്പിന്റെ വിവിധ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

കാസർഗോഡ് ജില്ലയിലെ പുതിയ സഹകരണ സംഘങ്ങൾ

55 (5860) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ നിലവിലുള്ള സംഘങ്ങൾ എത്ര സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 94 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 10 സഹകരണ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്.

മെഡിക്കൽ കോളേജ് കാറ്ററിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പണാപഹരണം

56 (5861) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കാറ്ററിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭാരവാഹികൾ 2000-2010 കാലയളവുകളിൽ സംഘം ഫണ്ടിൽനിന്നും പണം അപഹരിച്ചിട്ടുള്ളതായി സഹകരണവകുപ്പ് നടത്തിയ അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) അന്വേഷണങ്ങളിൽ കുറ്റക്കാരായി കണ്ടെത്തിയവരിൽനിന്ന് സഹകരണ നിയമവും ചട്ടവും വ്യവസ്ഥ ചെയ്യുന്ന സർചാർജ് ചുമത്തി നഷ്ടപ്പെട്ട തുക ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) സംഘം ഫണ്ടിൽനിന്നും പണാപഹരണം നടത്തിയവർക്കെതിരെ കേസ്സുകൾ ചാർജ്ജ് ചെയ്ത് അവരുടെ വസ്തുവകകളിൽനിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആഡിറ്റ് റിപ്പോർട്ടും വിശദപരിശോധനയും പ്രകാരം കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനും സർചാർജ്ജ് നടപടികൾ സ്വീകരിച്ച് സംഘത്തിന് നഷ്ടപ്പെട്ട തുക വീഴ്ചവരുത്തിയവരിൽനിന്നും ഈടാക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ നടപടി സ്വീകരിച്ചുവരുന്നു.

അശരണർക്ക് ആശ്വാസം നൽകുന്നതിന് പദ്ധതികൾ

57 (5862) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് അശരണർക്ക് ആശ്വാസം നൽകുന്നതിൽ സഹകരണ മേഖല എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തത് ;

(സി) പദ്ധതികൾ നടപ്പിൽ വരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly